ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ആരംഭിക്കുന്ന യൂണിറ്റുകൾ സ്ഥിരം ആസ്തിയുടെ 25 ശതമാനം (25 ലക്ഷത്തിൽ സ്ഥിരപ്പെടുത്തി) സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ട്.

(സി) മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ചും ബയോ ടെക്നോളജിയുടെ സാദ്ധ്യതകൾ മനസ്സിലാക്കിയും പുതിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക എന്നത് സർക്കാർ നയമാണ്.

(ഡി) അടിസ്ഥാന സൗകര്യ വികസനത്തിന് ഗവണ്മെന്റ് സ്വീകരിച്ച നടപടികൾ 'എ' വിഭാഗം ചോദ്യത്തിന്റെ മറുപടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഭക്ഷ്യാൽപ്പന്ന വിപണി വിപുലപ്പെടുത്തുന്നത് ലക്ഷ്യമാക്കി കെ.ബിപ്-ന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ ഫുഡ് ടെക്നോളജി മീറ്റും, മലപ്പുറത്ത് ഒരു ഫുഡ് മേളയും സംഘടിപ്പിക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിന് ഗവൺമെന്റ് തുക അനുവദിച്ചിട്ടുണ്ട്.

മുംബൈ, ഡൽഹി എന്നിവിടങ്ങളിൽ നടക്കാറുള്ള അന്നപൂർണ്ണ, ആഹാർ എന്നീ മേളകളിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പങ്കെടുക്കാറുണ്ട്.

പുതിയ വ്യവസായ നയം

29 (*689) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം പുതിയ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നയം വന്നതിനുശേഷം എന്ത് തുകയുടെ മുതൽ മുടക്ക് സംസ്ഥാനത്തുണ്ടായി ; ആരെല്ലാം പുതിയ വൻ വ്യവസായങ്ങൾ തുടങ്ങി ; വ്യക്തമാക്കുമോ ;

(സി) ഈ വർഷം എത്ര മുതൽ മുടക്ക് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; ആരെല്ലാമാണ് മുതൽ മുടക്കിന് തയ്യാറായി വന്നിട്ടുള്ളത് ; വ്യക്തമാക്കുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) :

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 31-3-2010 വരെ 2232.69 കോടി രൂപയുടെ മുതൽ മുടക്ക് ഉണ്ടായിട്ടുണ്ട്. കൂടാതെ 13 വൻകിട വ്യവസായങ്ങൾ ഈ സംസ്ഥാനത്ത് തുടങ്ങിയിട്ടുണ്ട് (വിശദ വിവരങ്ങൾക്ക് അനുബന്ധം 1 കാണുക) *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2007 ഏപ്രിലിനുശേഷം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ 391 കോടി രൂപയുടെ 32 പദ്ധതികൾ കേരളത്തിൽ സ്ഥാപിക്കാനായിട്ടുണ്ട്. (വിശദവിവരങ്ങൾക്ക് അനുബന്ധം 2*കാണുക)

(സി) 2010-11 സാമ്പത്തിക വർഷത്തിൽ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ മേഖലയിൽ 1299.78 കോടി രൂപയുടെ മുതൽ മുടക്കു വരുന്ന 12854 സംരംഭങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഈ വർഷം കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ ഏകദേശം 471 കോടി രൂപ മുതൽമുടക്ക് വരുന്ന പദ്ധതികൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ വർഷം നിരവധി വ്യവസായ സംരംഭകർക്ക് കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തു. അവർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അവരുടെ സംരംഭങ്ങൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 136.11 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

അക്യൂപ്രഷർ ചികിത്സാരീതി

30 (*690) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്യൂപ്രഷർ ചികിത്സാ രീതി ഇന്ന് അന്താരാഷ്ട്ര തലത്തിൽ ഏറെ പ്രചാരം നേടിയിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജീവൻ രക്ഷാ മരുന്നുകൾക്ക് വില കുതിച്ചുയരുന്ന സാഹചര്യത്തിൽ മരുന്നുകളില്ലാത്ത ഫലപ്രദമായ ഈ ചികിത്സാരീതിയെക്കുറിച്ച് ഇതുവരെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) മറ്റേതൊരു ചികിത്സയോടൊപ്പം ചെയ്യാവുന്നതും, വളരെവേഗത്തിൽ പഠിച്ച് സ്വയം പരിശീലിക്കാവുന്നതുമായ അക്യൂപ്രഷർ ചികിത്സാ സമ്പ്രദായം സംസ്ഥാനത്ത് പ്രചരിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പ് പദ്ധതി ആവിഷ്കരിക്കുമോ ?

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) :

(എ)-(സി) അക്യൂപ്രഷർ ചികിത്സാ രീതിയെ സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനങ്ങൾ നടത്തിയിട്ടില്ല. ഈ ആവശ്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly